**കേരള സർക്കാർ**

സംഗ്രഹം

മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റേയും കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ് തലവന്റേയും പേരിൽ ദേശസാൽകൃത ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **552/2018/ധന.** തിരുവനന്തപുരം, തീയതി **23.01.2018**

---

പരാമർശം - കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ് തലവന്റെ 08.01.2018 ലെ 13/CM/17/MCT നമ്പരായുള്ള കത്ത്.

**<u>ഉത്തരവ്</u>**

"'Govt. of Kerala WHO Dengue study 2017-18" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് WHO ഹെഡ്കോർട്ടറിൽനിന്നും ലഭിക്കുന്ന ഫണ്ട് സ്വീകരിക്കുന്നതിനുവേണ്ടി ദേശസാൽകൃത ബാങ്കിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റേയും കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ് തലവന്റേയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ് തലവൻ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റേയും കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ് തലവന്റേയും പേരിൽ ദേശസാൽകൃത ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം, 695 011
ആരോഗ്യ (F) വകുപ്പ് ( e file No: HEALTH-F2/21/2018-HEALTH പ്രകാരം)
ധനകാര്യ (H&L.-A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ